**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1077** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജല പൈപ്പ് കണക്ഷൻ എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നിലച്ചതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി നിലച്ചതായി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ നിർവഹണം സജീവമായി നടന്നുവരികയാണ്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03%). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. |
| (ബി) | ജോലി ഏറ്റെടുത്ത കരാറുകാർക്ക് യഥാസമയം പണം നൽകാത്തതിനാലും കാലാനുസൃതമായി നിരക്ക് പരിഷ്ക്കരിക്കാത്തതിനാലും കരാറുകാർ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിസ്സഹകരണം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കരാറുകാർ പദ്ധതി നടപ്പിലാക്കുന്നതിന് നിസ്സഹരണം പ്രഖ്യാപിച്ച സാഹചര്യം നിലവിലില്ല. |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പദ്ധതിയുടെ നിർവഹണത്തിൽ പ്രധാനമായും നേരിടുന്ന തടസ്സം അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസമാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികളും യഥാസമയം |

| | | | |
|---|---|---|---|
| | | | കിട്ടേണ്ടതുണ്ട്. നിലവിൽ ഇപ്രകാരമുള്ള കാലതാമസങ്ങൾ വിവിധ തലങ്ങളിൽ പരിശോധിച്ച അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച് പുരോഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട് കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തി നിർവഹണത്തിന് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതിന് ഉള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ